Mailed

## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1404

06.02.2020-ൽ മറുപടിക്ക്

## വിവാഹ ധനസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.ഷാനിമോൾ ഉസ്മാൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം എത്ര രൂപയാണ് എന്നറിയിക്കാമോ; | (എ) | മത്സ്യബോർഡ് നടപ്പാക്കുന്ന വിവാഹ ധനസഹായ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ രണ്ട് പെൺമക്കളുടെ വരെ വിവാഹത്തിന് ധനസഹായമായി 20.11.2014 മുതൽ 10,000 രൂപ നൽകിവരുന്നു. |
| (ബി) | ഈ ധനസഹായം വിതരണം ചെയ്യുന്നത് സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (മത്സ്യബോർഡ്) സ്വന്തം വരുമാനം ഉപയോഗിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് വിവാഹ ധനസഹായ പദ്ധതി. അംഗത്വമെടുത്ത് ആദ്യമായി വിഹിതമടച്ചതുമുതൽ 3 വർഷം കഴിഞ്ഞാൽ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുകയുള്ളൂ. മത്സ്യത്തൊഴിലാളി വിഹിതങ്ങൾ പൂർണ്ണമായും അടച്ചിരിക്കണം. വധുവിന് വിവാഹ തീയതിക്ക് പതിനെട്ട് വയസ്സ് പൂർത്തിയായിരിക്കണം. അപേക്ഷകരുടെ കുടുംബ വാർഷികവരുമാനം റേഷൻ കാർഡിൽ 50,000 രൂപയിൽ താഴെയായിരിക്കണം. വിവാഹ തീയതിയ്ക്ക് ശേഷം 60 ദിവസത്തിനകം നിശ്ചിതഫോറത്തിൽ തയ്യാറാക്കിയ അപേക്ഷയുടെ രണ്ട് പകർപ്പുകൾ ആവശ്യമായ രേഖകൾ സഹിതം ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. മാർഗ്ഗ രേഖകൾ പ്രകാരമുള്ള അർഹതയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നു. |
| (സി) | കഴിഞ്ഞ 12 മാസത്തോളമായി ഈ ധനസഹായം മുടങ്ങിക്കിടക്കുന്നു എന്നുള്ളത് | (സി) | വിവാഹധനസഹായ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക കണ്ടെത്തുന്നത് മത്സ്യബോർഡിന്റെ തനത് ഫണ്ടിൽ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; | | നിന്നാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് ധനസഹായം നൽകിവരുന്നത്. നിലവിൽ 2018 സെപ്തംബർ മാസം വരെയുള്ള വിവാഹധനസഹായ അപേക്ഷകർക്കാണ് വിവാഹ ധനസഹായം അനുവദിച്ച് നൽകിയിട്ടുള്ളത്. |
| (ഡി) | ഈ ധനസഹായം അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | 2018 ഡിസംബർ വരെയുള്ള കുടിശ്ശിക മുഴുവനായും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യതക്കനുസരിച്ച് 2019 വർഷത്തെ ധനസഹായവും നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**